LIBRARY ARCHIVES Kerala Legislative Assembly

നീര ഉല്പാദനം

149 (1620) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം എത്ര ലിറ്റർ നീരയാണ് ഉത്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ; ആയതിനു സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ നടപ്പു വർഷം എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നീര ഉൽപ്പാദിപ്പിക്കുന്നതിന്റെ ഫലമായി നാളികേരത്തിന്റെ വിലയിൽ നല്ല വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഇപ്പോൾ എത്ര രൂപ നിരക്കിലാണ് കൃഷി ഭവൻ മുഖേന നാളികേരം സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയിൽ പ്രതിദിന നീര ഉത്പ്പാദനം 300 ലിറ്ററാണ്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ 10,000 ലിറ്റർ പ്രതിദിനശേഷിയുള്ള പ്ലാന്റിന്റെ പ്രവർത്തനം ആറളം ഫാമിൽ പുരോഗമിച്ചുവരുന്നുണ്ട്. ആയതിന് സബ്സിഡി നൽകുന്നില്ല. നടപ്പുവർഷം കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി 50 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ഉൽപ്പന്നം നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കൃഷി ഭവൻ മുഖേന നാളികേരം സംഭരിക്കുന്നത്.

ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ നടപടി

150 (1621) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷമുക്തമായ പച്ചക്കറി ഉല്പാദനത്തിനായി കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; പദ്ധതികളുടെ പുരോഗതി വിവരം വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ ജൈവ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടപടി എത്രമാത്രം കാര്യക്ഷമമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഫാമുകളിലെ ജീവനക്കാരെയും തൊഴിലാളികളെയും ഉപയോഗിച്ച് ജൈവ പച്ചക്കറികൾ വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?